**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **16-03-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളെ ഉപയോഗിച്ചുള്ള മതതീവ്രവാദ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | കുട്ടികൾക്ക് ആയുധ പരിശീലനം നൽകി അവരെ മതതീവ്രവാദ പ്രവർത്തനങ്ങൾക്കായി ചില തീവ്രവാദ സംഘടനകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഇന്റലിജൻസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ചില വർഗ്ഗീയ സംഘടനകളിൽ പ്രവർത്തിക്കുന്ന ചാവേറുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇത്തരത്തിലൊരു പട്ടിക തയ്യാറാക്കിയിട്ടില്ല. |
| (സി) | പരിഷ്കൃത സമൂഹത്തിന് ആശാസ്യമല്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും മതവിഭാഗങ്ങൾ തമ്മിൽ പരസ്പര വിശ്വാസവും ഐക്യവും നില നിർത്തുന്നതിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ മത വിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിന് വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സമുദായ സംഘടനകളുടെയും നേതാക്കൻമാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാമുദായിക സൗഹൃദ സമ്മേളനങ്ങൾ നടത്തി വരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്റ്റേറ്റ്/ ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളുടെയും കമ്മ്യൂണിറ്റി പൊലീസിങ് സംരംഭങ്ങളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും മുൻകൂറായി വിവരശേഖരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച്, വർഗ്ഗീയ കലാപങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം |

| | | | |
|---|---|---|---|
| | | | മതസൗഹാർദം ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ